**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4894** **20-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന സ്ഥലത്ത് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇല്ലാത്തതും എന്നാൽ വർഷങ്ങളായി അതേ സ്ഥലത്ത് താമസിക്കുന്നവരുമായ ആളുകൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുമോ; വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് RFCT-LARR-Act 2013 (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. തീരപ്രദേശത്തെ ആവാസവ്യവസ്ഥയും, പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് തീരദേശ ഹൈവേ പദ്ധതിയ്ക്കായി പ്രസ്തുത പാക്കേജിന് പുറമെ കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്പെഷ്യൽ പാക്കേജ് തന്നെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരേയും പ്രത്യേക പുനരധിവാസപാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉടമസ്ഥാവകാശ രേഖകൾ കൈവശമില്ലാത്തവർക്ക് സ്ഥലവിലയ്ക്ക് പകരം ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിട വിലയാണ് നഷ്ടപരിഹാരമായി നൽകുന്നത്. പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം പ്രത്യേക പുനരധിവാസപാക്കേജ് പ്രകാരം നൽകാൻ സാധ്യമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വിശദാംശവും ഉടമകൾക്ക് ലഭ്യമാക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശവും ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ഓരോ ജില്ലകളിലേയും സ്ഥലമേറ്റെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ആയതിനാൽ സ്ഥലമേറ്റെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലേക്ക് കടക്കുമ്പോൾ മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും ഭൂവുടമകൾക്കു ലഭിക്കുന്ന നഷ്ടപരിഹാരതുകയും സംബന്ധിച്ച വിശദവിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ